I.ഇ.ബി. XIIകേരള നിയമസഭ/XI-17

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 15, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സ്വാശ്രയ പൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക്

മി. സ്പീക്കർ: സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക് വർദ്ധിപ്പിക്കാനും സ്വാശ്രയ നിയമത്തിന്റെ വ്യവസ്ഥകൾക്കെതിരായി പ്രവേശനത്തിലും ഫീസ് നിരക്കിലും മാറ്റങ്ങൾ വരുത്തുന്ന രീതിയിൽ ചില മാനേജുമെന്റുകളുമായി കരാറിൽ ഏർപ്പെടാനും ഗവൺമെന്റ് തന്നെ തയ്യാറായിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, കെ. ബി. ഗണേഷ്കുമാർ, പി.സി ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് സംവരണം നടപ്പിലാക്കാനും വിദ്യാർത്ഥികൾക്ക് താങ്ങാവുന്ന ഫീസിൽ 50 ശതമാനം സീറ്റിൽ പഠിക്കാനും കഴിയുന്ന വിധത്തിൽ ബഹുഭൂരിപക്ഷം സ്വകാര്യ സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളുമായും മറ്റ് പ്രൊഫഷണൽ മേഖലയിലെ സ്വാശ്രയ സ്ഥാപനങ്ങളുമായും സർക്കാർ ധാരണയുണ്ടാക്കി യിട്ടുണ്ട്. 59 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുള്ളതിൽ 49 എണ്ണം 50 ശതമാനം സീറ്റിൽ താങ്ങാവുന്ന ഫീസും ബാക്കി 50 ശതമാനം സീറ്റിൽ മാനേജുമെന്റിന് ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനാവ ശ്യമായ തുക ഈടാക്കുന്ന രീതിയിലും സർക്കാരുമായി കരാർ ഒപ്പിടുക യാണ്. 12 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുള്ളതിൽ 8 എണ്ണം ഗവൺമെന്റുമായി കരാറിലേർപ്പെട്ടിരിക്കുകയാണ്. ഇവിടെയും സംവരണവും സാമൂഹ്യനീതിയും ഉറപ്പാക്കിക്കൊണ്ട് മെറിറ്റ് ലിസ്റ്റിൽ നിന്നും കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻ പ്രവേശന നടപടികൾ പൂർത്തിയാക്കു ന്നതാണ്. ഇതുതന്നെയാണ് ഡെന്റൽ, ആയുർവേദം, ഹോമിയോ,ബി..ഫാം, എന്നീ മേഖലകളിലെയും സ്ഥിതി. ഇപ്പോൾ കടന്നുവരുന്ന സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളെല്ലാം ഗവൺമെന്റുമായി ധാരണാ പത്രം ഒപ്പിടുന്നുണ്ട്. ഇപ്പോൾ സ്വാശ്രയ മേഖലയിൽ യാതൊരു പ്രശ്നവുമില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി.സി. വിഷ്ണുനാഥ്: യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഐ.എച്ച്.ആർ.ഡി.യുടെ എഞ്ചിനീയറിംഗ് കോളേജിൽ സർക്കാർ മെറിറ്റ്

സീറ്റിലെ ഫീസ് 4,000 രൂപയായിരുന്നത് 25,000 രൂപയാക്കി ഉയർത്തിയിരിക്കുകയാണ്. സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകൾ ആവശ്യപ്പെട്ട മൂന്ന് തട്ടിലുള്ള ഫീസാണ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കേളേജുകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മാനേജുമെന്റുകളുമായി സർക്കാരുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം ആഗസ്റ്റ് 14-ാം തീയതിവരെ മാത്രമേ അലോട്ട്മെന്റ് നടത്തുകയുള്ളു. അങ്ങനെ വരുമ്പോൾ ആഗസ്റ്റ് 15-ാം തീയതി മുതൽ ഫീസ് 90,000 രൂപയാകും. സർക്കാർ എഗ്രിമെന്റ് ഒപ്പിട്ട കോളേജുകളിൽ പോലും സർക്കാർ ഫീസ് നടപ്പിലാക്കുന്നില്ല. എൻ.ഒ.സി കിട്ടാത്ത കോളേജുകൾക്ക് അഫിലിയേഷൻ കൊടുത്തതിന്റെ പേരിലും കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം എൻട്രൻസ് പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിരുന്നത് ഇപ്പോൾ മാറ്റിയതിലൂടെയും വലിയ ക്രമക്കേടുണ്ടാകാൻ പോവുകയാണ്. സർക്കാരിന്റെ കോളേജുകളിൽ സർക്കാർ ഫീസിൽ പഠിക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിലുണ്ടായില്ലെങ്കിൽ സർക്കാരിന് മുന്നോട്ട് പോകാൻ കഴിയാതെ വരും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി):</u> സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളുമായി അവിഹിതമായ ഒരു ഇടപാടിലേയ്ക്കും സർക്കാർ നീങ്ങിയിട്ടില്ല. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു കേന്ദ്രനിയമം ആവശ്യമാണ്. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളുടെ ഫീസ് ഘടനയെക്കുറിച്ചും പ്രവേശനത്തെക്കുറിച്ചും കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും സ്ഥിതി

ഗതികൾ നിയന്ത്രിക്കുന്നത് ഇനാംദാർ കേസിൻമേലുള്ള സുപ്രീംകോടതി വിധി അനുസരിച്ചാണ്. ഇനാംദാർ കേസിലെ വിധിയെത്തുടർന്ന് ഇൻഡ്യൻ പാർലമെന്റിൽ 93-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു പാസ്സാക്കിയ സാഹചര്യത്തിൽ അതിന്റെ ഉള്ളടക്കത്തിന് പ്രാബല്യം നൽകാൻ സഹായകമായ വിധത്തിൽ സംസ്ഥാന സർക്കാർ നിയമം കൊണ്ടുവരണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടെങ്കിലും യു.ഡി.എഫ്. സർക്കാർ അക്കാര്യത്തിൽ യാതൊരു നടപടിയുമെടുത്തിരുന്നില്ല. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റും സാമൂഹ്യ നീതിയും ഉറപ്പാക്കുന്നതിന് സാദ്ധ്യമായ ഒരു നിയമം ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കി. എന്നാൽ ആ നിയമത്തിലെ ചില പ്രധാനപ്പെട്ട വകുപ്പുകൾ സുപ്രീംകോടതി റദ്ദാക്കിയ സാഹചര്യത്തിൽ സ്വാശ്രയ മാനേജുമെന്റുകളുമായി ഗവൺമെന്റ് ചർച്ച നടത്തുകയും ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളിലും വിദ്യാർത്ഥികൾക്ക് സഹായകമായ വിധത്തിലുള്ള കരാറുണ്ടാക്കുകയും ചെയ്തു. ഇപ്പോഴത്തെ കരാർ അനുസരിച്ച് വാർഷിക ഫീസിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നത് വസ്തുതയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട സ്ഥാപനങ്ങളായി മാറാതിരിക്കാൻ ഗവൺമെന്റും ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ എം.എൽ.എ/എം.പി. ഫണ്ടുകളിൽ നിന്ന് പണവും ത്രിതല പഞ്ചായത്തുകളിൽ നിന്ന് സ്ഥലവുമൊക്കെ നൽകി പിന്തുണയ്ക്കുന്നുണ്ട്. ഡെവലപ്മെന്റ് കാര്യങ്ങളും മറ്റ് ദൈനംദിന കാര്യങ്ങളും നടത്തിക്കൊണ്ടുപോകുന്നതിന് അവർ പിരിച്ചെടുക്കുന്ന ഫീസാണ് ഉപയോഗിക്കേണ്ടത്. ഐ.എച്ച്.ആർ.ഡി-യുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എൻജിനീയറിംഗ് കോളേജുകളുടെ

ഇപ്പോഴത്തെ ആകെ നഷ്ടം ഏഴ് കോടി രൂപയാണ്. ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകളിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫീസ് സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലും എൻജിനീയറിംഗ് കോളേജുകളിലും ഈടാക്കുന്നതിനേക്കാൾ വളരെ കുറവാണ്. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>സർക്കാർ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായി നടപ്പിലാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. പ്ലാൻ ഫണ്ടിന്റെ 40 ശതമാനത്തോളം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയെങ്കിലും ജീവനക്കാരുടെ കുറവുമൂലം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നില്ല. അധികാര വികേന്ദ്രീകരണം സംബന്ധിച്ചുള്ള സെൻ കമ്മിറ്റി റിപ്പോർട്ടിലും ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച ശുപാർശയുണ്ട്. പല വകുപ്പുകളിൽനിന്നും അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സാഹചര്യത്തിൽ അതിനാനുപാതികമായി ജീവനക്കാരെ പുനർവിന്യസിക്കണം. പൊതുമരാമത്ത് വകുപ്പിൽനിന്ന് 1500

പേരേയും ജലവിഭവ വകുപ്പിൽനിന്ന് 2189 പേരേയും പുനർവിന്യസിക്കാൻ ഉത്തരവ് ഇറക്കിയിരുന്നെങ്കിലും പൊതുമരാമത്ത് വകുപ്പിൽനിന്ന് 151 പേരും ജലവിഭവ വകുപ്പിൽനിന്ന് 371 പേരും മാത്രമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. തിരുവനന്തപുരം കോർപ്പറേഷനിൽ ജീവനക്കാരുടെ അഭാവം മൂലം ജനകീയാസൂത്രണത്തിന്റെ ഭാഗമായി ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ചുള്ള വർക്കുകൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. സെൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരവും സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരവും 9 വർഷം കഴിഞ്ഞിട്ടും ഉദ്യോഗസ്ഥ പുനർവിന്യാസം പൂർണ്ണ തോതിൽ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തിരമായി പുനർവിന്യാസം നടപ്പിലാക്കാനും കരാർ അടിസ്ഥാനത്തിലെങ്കിലും നിയമനം നടത്തി ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്) :</u> സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ചുമതലകളും അധികാരങ്ങളും പണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സാഹചര്യത്തിൽ അതിനനുസരണമായി ഉദ്യോഗസ്ഥരേയും താഴെത്തട്ടിലേയ്ക്ക് നൽകേണ്ടതുണ്ട്. സർക്കാർ നിയോഗിച്ച അധികാര വികേന്ദ്രീകരണ സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളിൽനിന്ന് 04-07-2000-ലും 05-09-2003-ലുമായി ഒരു വിഭാഗം ഉദ്യോഗസ്ഥരുടെ പുനർവിന്യാസം സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ എഞ്ചിനീയറിംഗ് കേഡർ

സൃഷ്ടിക്കുകയും 27-11-07-ൽ സ്പെഷ്യൽ റൂൾസ് ഇറക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഡിപ്പാർട്ട്മെന്റുകളിൽനിന്നുള്ള വൈമനസ്യം കാരണം മുഴുവൻ ഉദ്യോഗസ്ഥരേയും ഇതുവരേയും പുനർവിന്യസിക്കാൻ കഴിഞ്ഞിട്ടില്ല. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രണ്ട് യോഗങ്ങൾ ചേർന്നെങ്കിലും ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയാത്തതിനാൽ മുഖ്യമന്ത്രിതന്നെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ള്യു.ഡി. വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപന ങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരേയും, 141 അസിസ്റ്റന്റ് എഞ്ചിനീയർമാർമാരേയും 615 ഓവർസിയർമാരേയും അബ്സോർബ് ചെയ്തു. പി.ഡബ്ല്യൂ.ഡി. യിൽനിന്നും 92 എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ തദ്ദേശഭരണ സ്ഥാപനങ്ങ ളിലേയ്ക്കും നിയമിക്കാനുണ്ട്. 8-9-08-ലെ ഉത്തരവ് പ്രകാരം സാങ്കേതിക സാങ്കേതികേതര വിഭാഗങ്ങളിലായി 1415 തസ്തികകൾ പി.ഡബ്ള്യു.ഡി.യിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗങ്ങളി ലേയ്ക്ക് മാറ്റുകയും പി.ഡബ്ള്യു.ഡി. ഈ തസ്തികകൾ നിർത്തലാ ക്കുകയും ചെയ്തു. ജലവിഭവ വകുപ്പിൽ നിന്നും ഓപ്ഷൻ സമർപ്പിച്ച എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരേയും തദ്ദേശഭരണ എഞ്ചിനീയറിംഗ് വിംഗിൽ അബ്സോർബ് ചെയ്തു. ജലവിഭവ വകുപ്പിൽ നിന്നും 375 എഞ്ചിനീ യറിംഗ് ജീവനക്കാരെ കൂടി വിട്ടുകിട്ടാനുണ്ട്. മുഖ്യമന്ത്രി 19-12-08-ന് വിളി ച്ചുചേർത്ത യോഗത്തിൽ എത്രയുംപെട്ടെന്ന് ഉദ്യോഗസ്ഥ പുനർവിന്യാസം നടത്താമെന്ന് വകുപ്പ് അദ്ധ്യക്ഷൻമാരും മന്ത്രിമാരും സമ്മതിക്കുകയുണ്ടായി. ഇതിനിടയിൽ പി.ഡബ്ള്യു.ഡി.യിലേയും ജലവിഭവ വകുപ്പിലേയും ജൂനിയർ എഞ്ചിനീയർമാർ പുനർവിന്യാസം സംബന്ധിച്ച് സുപ്രീം കോടതിയെ

സമീപിച്ചതിനാൽ താല്ക്കാലികമായി നിയമനം തടയുകയുണ്ടായി. മൂന്ന് ഉത്തരവുകളിലൂടെ 17 സർക്കാർ വകുപ്പുകളിൽ നിന്നും 1225 മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ 3 വർഷക്കാലയളവിലേയ്ക്ക് തദ്ദേശഭരണ സ്ഥാപന ങ്ങളിലേയ്ക്ക് പുനർവിന്യസിക്കുകയുണ്ടായി. അങ്ങനെ പുനർവിന്യസിച്ച വരിൽ കാലാവധി പൂർത്തിയാക്കിയവരിൽ തുടരാൻ താല്പര്യമുള്ളവരെ അതിനനുവദിച്ചുകൊണ്ടും മാതൃ വകുപ്പിലേയ്ക്ക് തിരിച്ചുപോകുന്നവർക്ക് പകരക്കാരെ നിയമിച്ചുകൊണ്ടും സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചു. പുനർവിന്യാസം പൂർത്തീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കും. പി.ഡബ്ള്യൂ.ഡി.യിൽ നിന്ന് 92 എഞ്ചിനീയറിംഗ് ജീവനക്കാ രേയും ജലവിഭവ വകുപ്പിൽ നിന്നും 375 എഞ്ചിനീയറിംഗ് ജീവനക്കാ രേയും വിട്ട്കിട്ടാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാ ണ്. പുനർവിന്യാസത്തിലെ കാലതാമസംമൂലം തദ്ദേശ ഭരണ സ്ഥാപനങ്ങ ളിലെ പ്രവൃത്തികൾക്ക് മുടക്കം വരാതിരിക്കാനായി കരാർ അടിസ്ഥാന ത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ജലവിഭവ വകുപ്പിലും പി.ഡബ്ള്യൂ.ഡി.-യിലും ഈ വർഷം റിട്ടയർ ചെയ്യുന്നവരുടെ തസ്തികകളിൽ അടുത്ത മാസംതന്നെ നിയമനം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതാണ്.

(2) <u>മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ</u>

<u>ശ്രീ. കെ.എം. മാണി</u>: വൈകല്യമുള്ളവർ, കാഴ്ചയില്ലാത്തവർ, കാഴ്ചക്കുറവുള്ളവർ, കുഷ്ഠരോഗ വിമുക്തരായവർ, കേൾവിക്കുറവുള്ളവർ, ചലനശേഷി ഇല്ലാത്തവർ, ബുദ്ധിമാന്ദ്യമുള്ളവർ, മാനസിക വൈകല്യമുള്ള വർ എന്നിവരെ ശുശ്രൂഷിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താൽ ആനുകൂല്യം നൽകാൻ 1995

-ലെ സെൻട്രൽ ഡിസെബിലിറ്റി ആക്ടിൽ  നിബന്ധന ഉള്ളതിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും റൂൾ പാസ്സാക്കണമെന്ന ധാരണയുണ്ടായി പക്ഷേ കേരളത്തിൽ ഇത് സംബന്ധിച്ചുള്ള റൂൾ പാസ്സാക്കിയപ്പോൾ കേന്ദ്ര നിയമത്തിൽ പറഞ്ഞിരിക്കുന്ന മെന്റൽ ഇൽനെസ്സ് ഉള്ള രോഗികളെ വിട്ടുപോയി. ഇത്തരം ആളുകളെ ചികിത്സിച്ച് പൊതുധാരയിൽ കൊണ്ടുവരുന്ന ഒരുപാട് സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്.  1987-ലെ മെന്റൽ ഹെൽത്ത് നിയമത്തിൽ  മനോരോഗികളായവരെ ചികിൽസിക്കുന്നതിനും മറ്റും വ്യവസ്ഥയുണ്ടെങ്കിലും  അവരെ ഏറ്റെടുത്ത് സംരക്ഷിക്കുകയും വിദ്യാഭ്യാസവും പരിശീലനവും നൽകുകയും പുരധിവസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥയില്ല.  പ്രസ്തുത സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള റൂൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :  1987-ലെ മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ച് മനോരോഗികളായവരെ ചികിൽസിപ്പിക്കുന്നതിനും പരിചരിക്കുന്നതിനും രോഗശമനാന്തരം പ്രാപ്തിയിലെത്തിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ്  കൊടുക്കാൻ സാധിക്കുന്നില്ല.  1995 -ലെ പി.ഡബ്ള്യു.ഡി. ആക്ട് പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ച റൂളിൽ മെന്റൽ ഇൽനെസ് എന്ന വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും രോഗികളെ പരിചരിക്കാനും പരിപാലിക്കാനും തയ്യാറാകുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. എല്ലാ സംസ്ഥാനങ്ങൾക്കുംവേണ്ടി കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയ 1990-ലെ Persons with Disabilities Act

മെന്റൽ ഹെൽത്ത് റൂൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യവും ആവശ്യവും അടിസ്ഥാനപ്പെടുത്തി ലഘൂകരിച്ച് മനോരോഗികളെ പുനരധിവസിപ്പിക്കുന്ന കേന്ദ്രങ്ങൾ ഉൾപ്പെടെ മനോരോഗികളെ ചികിൽസി ക്കുകയും പരിപാലിക്കുകയും ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളുടേയും സുഗമ മായ നടത്തിപ്പിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾ 2005 എന്ന കരട് ചട്ടം രൂപീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും കഴിയുന്നതും വേഗം അംഗീകാരം ലഭ്യമാക്കാൻവേണ്ട നടപടികൾ സ്വീകരി ക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്നതിന് താമസം നേരിടുകയാണെങ്കിൽ ഹൈക്കോടതിയുടെ അംഗീകാരത്തോടെ ഇത് നടപ്പാ ക്കാൻ ശ്രമിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം, നോംസ് അനുസരിച്ചുള്ള സ്ഥലം മാറ്റം, പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ : തോമസ് ഐസക്</u>): കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ 31-07-2007-ൽ കാലാവധി അവസാനിച്ച സേവന-വേതന കരാർ പുതുക്കുന്നതിനുള്ള ചർച്ചകൾ എത്രയുംപെട്ടെന്ന് പൂർത്തീകരിച്ച് ശമ്പളം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കും. 13 ശതമാനം ഇടക്കാലാ ശ്വാസം കുടിശ്ശിക ഉൾപ്പെടെ ജൂലായ് മാസത്തെ ശമ്പളത്തോടൊപ്പം വിതരണം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. വർക്ക്മെൻ വിഭാഗത്തിലെ ജീവന ക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച നോംസ് നടപ്പാക്കി. ഓഫീസർമാരുടെ

സ്ഥലംമാറ്റത്തിന്റെ നോംസിന്റെ കരട് രൂപം അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തി ഉടൻ നടപ്പാക്കുന്നതാണ്.

(2) കൈവശഭൂമിക്ക് പട്ടയം

ശ്രീ. ജോസ് തെറ്റയിൽ : അങ്കമാലി മണ്ഡലത്തിലെ അയ്യമ്പുഴ വില്ലേജിൽ കണ്ണിമംഗലം പ്രദേശത്തെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : അങ്കമാലി മണ്ഡലത്തിലെ അയ്യമ്പുഴ വില്ലേജിൽ കണ്ണിമംഗലത്തെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്തത് ദീർഘകാലമായ നിയമ തടസ്സങ്ങൾമൂലമാണ്. വനഭൂമിയല്ലെന്ന തീരുമാനം വന്നതിന്റെ അടിസ്ഥാനത്തിൽ എത്രയുംപെട്ടെന്ന് പട്ടയം കൊടുക്കാനും കൈവശംവച്ചിരിക്കുന്ന ഭൂമിയുടെ എക്സ്റ്റൻഷനെ സംബന്ധിച്ച പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കാനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) അന്യ സംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകൾ

ശ്രീ. പി. സി. ജോർജ്: അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജ ബി.എസ്സി. (അഗ്രിക്കൾച്ചർ) ഡിഗ്രി സർട്ടിഫിക്കറ്റ് സമ്പാദിച്ച് കൃഷി ഡിപ്പാർട്ടുമെന്റിൽ ജോലി നേടിയിട്ടുള്ളവർക്കെതിരെ വിജിലൻസ് എൻക്വയറി നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ ) : കൃഷി വകുപ്പിന്റെ കീഴിൽ ആകെ 1193 തസ്തികകളുള്ളതിൽ പ്രൊമോഷൻ വഴി വരുന്നവർ ഒഴികെ മറ്റെല്ലാ തസ്തികകളിലും പി.എസ്.സി. വഴി നേരിട്ടാണ് നിയമനം നടത്തുന്നത്. കൃഷി അസിസ്റ്റന്റുമാരിൽ നിന്നും പ്രൊമോഷൻ കിട്ടി നിയമിക്കുന്നവരുടെ കാര്യം കൃഷി വകുപ്പ് പരിശോധിക്കുന്നുണ്ട്. ആ

രീതിയിൽ പ്രൊമോഷൻ ലഭിച്ച ശ്രീ. പി.ടി. അജി ഡോ : അംബേദ്ക്കർ യൂണിവേഴ്സിറ്റിയിൽനിന്നും 2002-ൽ ബിരുദംനേടിയ പി.എസ്.സി. ഉൾപ്പെടെ അംഗീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കോഴ്സ് പൂർത്തിയാക്കാൻ ശ്രീ. പി. ടി. അജി ലീവ് എടുത്തിരുന്നോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കൃഷി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്തെങ്കിലും തിരിമറി നടന്നിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. സംശയമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കും.

(4) <u>കടൽ നികത്താൻ കിൻഫ്രയെ ചുമതലപ്പെടുത്തിയ നടപടി</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u> : തിരുവനന്തപുരം വേളിയിൽ 5000 ഹെക്ടർ കടൽ നികത്തി വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയ നടപടി പുന:പരിശോധിക്കുന്നതിന് തയ്യാറാകണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>) : തിരുവനന്തപുരത്തെ വേളിഭാഗത്ത് കടൽ നികത്തി കരയാക്കുന്നതിനുള്ള യാതൊരു തീരുമാനവും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കിൻഫ്രയുടെ 40-ാമത്തെ ഡയറക്ടർ ബോർഡ് തീരുമാനം അനുസരിച്ച് നാഷണൽ എഞ്ചിനീയറിംഗ് എൺവിറോൺമെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠനം നടത്തിയിരുന്നു. അതിന്റെ തുടർ നടപടിയെന്ന നിലയ്ക്ക് വിശദമായ പഠനം നടത്താൻ ഒരു കൺസൾട്ടന്റിനെ അപ്പോയിന്റ് ചെയ്യുന്നതിനുള്ള പരസ്യം കൊടുത്തിട്ടുണ്ട്. മൽസ്യത്തൊഴിലാളികളെ ഹാനികരമായി ബാധിക്കുന്ന ഒരു തീരുമാനവും ഗവൺമെന്റ് സ്വീകരിക്കില്ല.

(5) <u>റെയിൽവേ ഓവർ ബ്രിഡ്ജുകൾ</u>

<u>ശ്രീ. തോമസ് ചാഴികാടൻ:</u> സാങ്കേതിക നടപടികളും സ്ഥലമെടുപ്പും പൂർത്തിയാക്കി എത്രയുംവേഗം ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കാരിത്താസ്, കുമാരനല്ലൂർ, മൂലേടം എന്നീ ലെവൽക്രോസ്സുകൾക്കു പകരം റോഡ് ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്</u>): കുമാരനല്ലൂർ മൂലേടം ആർ.ഒ.ബി.-കളുടെ സ്ഥലമെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കുമാരനല്ലൂർ ആർ.ഒ.ബി.-യുടെ അലൈൻമെന്റ് പ്രൊപ്പോസൽ ഗവണ്മെന്റ് അംഗീകരിക്കുകയും റെയിൽവേ അധികൃതരും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൂർത്തീകരിക്കുക യുണ്ടായി. മൂലേടം ആർ.ഒ.ബി.-യുടെ കാര്യത്തിൽ ഭരണാനുമതി കൊടുക്കേണ്ടതുണ്ട്. കാരിത്താസ് ആർ.ഒ.ബി.-ക്ക് റെയിൽവേയുടെ അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. പാലങ്ങൾക്കുവേണ്ടി 200 കോടി രൂപ യുടെ ഒരു സ്ക്കീം തയ്യാറാക്കുകയും പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ സംയുക്തമായി ചെയ്യേണ്ട സംരംഭം എന്ന നിലയിൽ കേന്ദ്ര സർക്കാരുമായി പ്രത്യേകമായി ചർച്ച ചെയ്യു ന്നതാണ്. നടപ്പുവർഷം 25 മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കാനാണ് ഗവണ്മെന്റ് ആലോചിക്കുന്നത്.

(6) <u>എമർജൻസി റെസ്ക്യൂ വാഹനങ്ങളുടെ ലഭ്യത</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: പാചകവാതകവുമായി പോകുന്ന ടാങ്കർ ലോറികൾ മറിഞ്ഞ് വാതകച്ചോർച്ചയുണ്ടായാൽ വാതകം മാറ്റുന്നതി

നായി സംസ്ഥാനത്തുതന്നെ എമർജൻസി റെസ്ക്യൂ വെഹിക്കിൾസ് അടക്ക മുള്ള സംവിധാനം ഏർപ്പെടുത്താനുള്ള  നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പാചകവാതക ടാങ്കർ ലോറികൾ മറിഞ്ഞ് വാതക ചോർച്ച ഉണ്ടായാൽ വാതകം മറ്റ് ടാങ്കർ ലോറികളിലേയ്ക്ക് മാറ്റാനുള്ള സംവിധാനത്തെക്കുറിച്ച് ഓയിൽ കമ്പനികളുമായി സർക്കാർ ഉന്നതതല ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ആസ്ഥാനമാക്കി എമർജൻസി റെസ്ക്യൂ വാഹനം പ്രവർത്തനം ആരംഭിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

(7) കോൾ മേഖലയിൽ പമ്പിംഗ് സബ്സിഡി

ശ്രീ. മുരളി പെരുനെല്ലി: ഉൽപ്പാദനച്ചെലവ് വർദ്ധിച്ചുവരുന്ന  സാഹചര്യ ത്തിൽ തൃശ്ശൂരിലെ കോൾ മേഖലയിൽ 22 വർഷങ്ങൾക്കു മുമ്പു നിശ്ചയിച്ച പമ്പിംഗ് സബ്സിഡി കാലോചിതമായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള ചെലവ് വർദ്ധിച്ച സാഹചര്യ ത്തിൽ 25-10-1984-ലെ സർക്കാർ ഉത്തരവ്  പ്രകാരം നിശ്ചയിച്ചിരുന്ന പമ്പിംഗ് സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുന്ന താണ്.

(8) <u>മാവിളിക്കടവ് പാലത്തിന്റെ പ്രവൃത്തി</u>

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: കോഴിക്കോട് കോർപ്പറേഷനേയും കക്കോടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന മാവിളിക്കടവ് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് പണി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u>: കോഴിക്കോട് ജില്ലയിലെ മാവിളിക്കടവ് പാലത്തിന്റെ നിർമ്മാണം മഠത്തിൽ കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിക്കുകയും പണി പൂർത്തീകരിക്കാൻ 22-12-07 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. ആവശ്യമായ സ്ഥലം സമയത്ത് ഏറ്റെടുത്ത് നൽകാത്തതുകാരണം കരാറുകാരൻ പ്രവൃത്തി നിർത്തിവയ്ക്കുകയാണുണ്ടായത്. കരാറുകാരന് നിർദ്ദേശം കൊടുത്തുവെങ്കിലും പണി പുനരാരംഭിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കരാർ ടെർമിനേറ്റ് ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പുതുക്കിയ നിരക്കിൽ ടെണ്ടർ ചെയ്തപ്പോൾ വന്ന വർദ്ധനവ് ടെണ്ടർ കമ്മിറ്റി പരിശോധിച്ച് പ്രശ്നങ്ങൾ എത്രയുംവേഗം പരിഹരിക്കുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(9) <u>പാപനാശം കുന്നുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വർക്കല കഹാർ</u>: കടലാക്രമണത്താലും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളാലും തകർന്നുകൊണ്ടിരിക്കുന്ന വർക്കല പാപനാശം കുന്നുകൾ സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കടൽത്തീര സംരക്ഷണം ലംഘിച്ചു നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളും സ്വകാര്യ

റിസോർട്ടുടമകൾ അനധികൃതമായി നടത്തുന്ന പടിക്കെട്ട് നിർമ്മാണവും മൂലം ചിറയിൻകീഴ് താലൂക്കിലെ വെട്ടൂർ, വർക്കല, ഇടവ എന്നീ തീരദേശ വില്ലേജുകളിലായി കടൽത്തീരത്തോട് ചേർന്നുകിടക്കുന്ന വർക്കല പാപനാശം കുന്നുകൾ അനിയന്ത്രിതമായി ഇടിയാൻ കാരണമാകുന്നു. അനധികൃത നിർമ്മാണപ്രവർത്തനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. കുന്നുകൾ സംരക്ഷിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കാനായി തിരുവനന്തപുരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകാനായി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെടുന്നതാണ്.

(10) <u>മങ്കര വളവ് നിവർത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ.കെ. ദിവാകരൻ:</u> പ്രധാനപ്പെട്ട അപകടമേഖലയായ പാലക്കാട് മങ്കര പഞ്ചായത്തിലെ മങ്കര വളവ് നിവർത്തി നേർപ്പാതയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്</u>): മങ്കര വളവ് നിവർത്തുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരികയാണ്. ഡ്രാഫ്റ്റ് ഡിക്ലറേഷൻ ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിനുവേണ്ടി അയച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെന്റ് പ്രത്യേകമായി നിർദ്ദേശം കൊടുക്കുന്നതാണ്. മങ്കര വളവ് നിവർത്തൽ പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾക്ക് ഗവണ്മെന്റ് മുൻഗണന നൽകുന്നതാണ്.

(11) പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം

ശ്രീ. വി. ചെന്താമരാക്ഷൻ : പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം കമ്മിഷൻ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീമിന്റെ ആദ്യത്തെ രണ്ട് റീച്ചുകളും മൂന്നാമത്തെ റീച്ചിന്റെ 50 ശതമാനവും നാലാമത്തെ റീച്ചിന്റെ 90 ശതമാനവും പണികൾ പൂർത്തിയായിട്ടുണ്ട്. മൂന്നാമത്തെ റീച്ചിന്റെ പണികൾ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റ് പരിശോധി ച്ചുവരികയാണ്. പ്രസ്തുത സ്കീം 2009 ഡിസംബർ മാസത്തിനുമുമ്പ് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(12) റിസർവോയറിൽ അധികജലം സംഭരിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ പെരുവണ്ണാമുഴി റിസർവോയറിൽ കൂടുതൽ വെള്ളം സംഭരിക്കു ന്നതുമൂലം ഉണ്ടായ ബുദ്ധിമുട്ടിനെത്തുടർന്ന് മാറ്റി താമസിപ്പിച്ചിരിക്കുന്ന 13 പാവപ്പെട്ട കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ പെരുവണ്ണാമുഴി റിസർവോയറിൽ പൂർണ്ണ തോതിൽ ജലം സംഭരിക്കു ന്നതുമൂലം 13 പാവപ്പെട്ട കുടുംബങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതു സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. ഹൈക്കോടതിയുടെ

ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജലനിരപ്പ് 43 മീറ്ററായി താഴ്ത്തിയെങ്കിലും കുറ്റ്യാടി ജലസേചന പദ്ധതിയുടേയും ജപ്പാൻ കുടിവെള്ള പദ്ധതിയുടേയും പ്രവർത്തനത്തിന് റിസർവോയറിൽ പൂർണ്ണമായി ജലം സംഭരിക്കേണ്ടതുണ്ട്. 13 കുടുംബങ്ങളുടേയും കൈവശഭൂമി റിസർവ്വേ നടത്തി സർക്കാരിന്റെ ഭൂമി അല്ലെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ സഹായിക്കാൻ പറ്റുകയുള്ളൂ. ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(13) <u>ഒറ്റപ്പാലം-പത്തിരിപ്പാലയിൽ കെ.എസ്.എഫ്.ഇ.യുടെ ശാഖ</u>

<u>ശ്രീ. എം. ഹംസ</u> : ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പത്തിരിപ്പാലയിൽ കെ.എസ്.എഫ്.ഇ.യുടെ ഒരു ശാഖ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : നടപ്പുവർഷം കെ.എസ്.എഫ്.ഇ.-ക്ക് അനുവദിച്ച 41 ശാഖകൾ ആരംഭിച്ചതിനുശേഷം പത്തിരിപ്പാലയിൽ ശാഖ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ധനകാര്യം**

<u>ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റും അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റും 1985-86, 1988-89, 1990-91, 1991-92, 1992-93, 1994-95, 1996-97, 1998-99, 2001-02, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്ത് വയ്ക്കുന്നു.

**നിയമനിർമ്മാണ കാര്യം**

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2009-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ധനകാര്യ ബില്ലിലെ പ്രൊവിഷനുകൾ

ശ്രീ. കെ.എം. മാണി : കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ ഡിക്ളറേഷൻ അനുസരിച്ചും ശക്ധർ ആന്റ് കൗളിലെ വ്യവസ്ഥകൾ അനുസരിച്ചും ഫിനാൻസ് ബിൽ ഇൻട്രോഡ്യൂസ് ചെയ്യുന്ന ദിവസം മുതലോ അല്ലെങ്കിൽ ഏപ്രിൽ 1 മുതലോ നികുതി നിർദ്ദേശങ്ങൾ നിലവിൽ വരുന്നതിനുള്ള ക്രമീകരണമല്ലാതെ വരുംകാലഘട്ടത്തിൽ നടപ്പിലാക്കേണ്ട ഡിപ്പാർട്ട്മെന്റൽ പുന:സംഘടനപോലുള്ള കാര്യങ്ങൾ ധനകാര്യ ബില്ലിൽ ചേർക്കാൻ പാടില്ല. ഡിപ്പാർട്ട്മെന്റൽ പുന:സംഘടനയുമായി ബന്ധപ്പെട്ട് അപ്പലേറ്റ് അതോറിറ്റി ട്രിബ്യൂണലായിമാറും എന്നുള്ളത് നികുതി നിർദ്ദേശങ്ങളിൽ വരുന്നതല്ല. അതിന് പ്രത്യേക നിയമ നിർമ്മാണം കൊണ്ടുവരണം. ടാക്സേഷൻ പ്രൊപ്പോസൽ അതേപടി ഫൈനാൻസ് ബില്ലിൽ ചേർക്കാതെ സൗകര്യംപോലെ കൂട്ടുകയും

കുറയ്ക്കുകയും ചെയ്യുന്നത് ഫണ്ടമെന്റൽ കൺസെപ്ടിന് എതിരാണ്. ബഡ്ജറ്റിൽ ഏലം ലേലത്തിനുകൊണ്ടുവന്നശേഷം തിരികെ കൊണ്ടുപോകുന്നതിന് മൂല്യവർദ്ധിത നികുതി നിയമത്തിലെ 40-ാം വകുപ്പ് ഭേദഗതി ചെയ്യുമെന്ന് പറഞ്ഞിട്ടും ധനകാര്യ ബില്ലിൽ എല്ലാ കച്ചവടച്ചരക്കുകളേയും ഉൾപ്പെടുത്തിയിരിക്കുന്നത് നിയമവിരുദ്ധമാണ്. അതുകൊണ്ട് ധനകാര്യ ബില്ലിന്റെ അവതരണത്തെ ഒബ്ജക്ട് ചെയ്യുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവുമായി ബന്ധപ്പെട്ട് വരുന്ന നിയമ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസലുകൾ ഫിനാൻസ് ആക്ടിൽ ഉൾപ്പെടുത്തുന്ന കീഴ്‌വഴക്കം കേരള നിയമസഭയിൽ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. അത് പാലിക്കാതിരുന്നാൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം നിയമ നിർമ്മാണം നടത്തേണ്ടിവരും. ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) നിർത്തലാക്കി അപ്പലേറ്റ് ട്രൈബ്യൂണൽ കൊണ്ടുവരുന്നത് നികുതിയുമായി ബന്ധപ്പെട്ട കാര്യമായിത്തന്നെ കണക്കാക്കാവുന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഒരു നിർദ്ദേശം അനുസരിച്ച് യഥാസമയം ബന്ധപ്പെട്ട ആക്ടിൽ ഭേദഗതി വരുത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ പിന്നീട് ഭേദഗതി കൊണ്ടുവരുന്നതിലും തെറ്റില്ല. അതുകൊണ്ട് ഒബ്ജക്ഷൻ നിലനിൽക്കത്തക്കതല്ല.

<u>മി. സ്പീക്കർ</u>: ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: 2009-ലെ കേരള ധനകാര്യബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2009-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 2009-ലെ കേരള ധനകാര്യബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. അഡീഷണൽ റിസോഴ്സ് മൊബിലൈസേഷനായി 574 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ പറയുന്നത്. അശാസ്ത്രീയമായ രീതിയിലുള്ള നികുതി നിർദ്ദേശങ്ങളാണ് ധനകാര്യ ബില്ലിലുള്ളത്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗുരുതരമായ പ്രത്യാഘാതങ്ങൾ തോട്ടം മേഖല നേരിടാൻ പോകുന്ന സാഹചര്യത്തിൽ ലീസ് റെന്റ് വർദ്ധിപ്പിക്കുന്ന തീരുമാനം യുക്തിപൂർവ്വമാണോയെന്ന് പരിശോധിക്കണം. ഇല്ലീഗലായിട്ടുള്ള കൺവേർഷൻസ് മുഴുവൻ റെഗുലറൈസ് ചെയ്തുകൊണ്ട് അതിൽ നിന്നും വരുമാനം വർദ്ധിപ്പിക്കാനുള്ള നികുതി നിർദ്ദേശം നിയമസഭ പാസ്സാക്കിയ നിലം നികത്തൽ നിരോധന നിയമത്തെ അട്ടിമറിക്കാനുള്ളതാണ്. നിരവധി കാരണങ്ങൾകൊണ്ട് കുടിശ്ശികയായ പല നികുതികളും എഴുതിത്തള്ളുന്നതിനോടും വൺടൈം സെറ്റിൽമെന്റിലൂടെയും കോമ്പൗണ്ടിംഗിലൂടെയും പരമാവധി നികുതി പിരിച്ചെടുക്കുന്നതിനോടും പൂർണ്ണമായി വിയോജിപ്പില്ല. 100 കോടി രൂപയുടെ അണ്ടർ വാല്യുവേഷൻ കേസ്സുകളെല്ലാം രണ്ടുമൂന്നു സ്ലാബുകളിലാക്കി മാറ്റി കൊടുക്കാനാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. നികുതി വരുമാനം വർദ്ധിച്ചാൽ മാത്രമേ ആവശ്യമായ കാര്യങ്ങൾക്കുവേണ്ടി പണം ചെലവഴിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റുകൾ യാതൊരു നിയന്ത്രണവുമില്ലാതെ കടമെടുത്ത് ചെലവഴിക്കുന്നതിനെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് പതിനൊന്നാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം എഫ്.ആർ.ബി.എം. ആക്ട് വന്നത്. ഇപ്പോൾ

കേന്ദ്ര സർക്കാരിന്റെ ധനക്കമ്മി വർദ്ധിച്ച സാഹചര്യത്തിൽ അത് പുനഃപരി ശോധിക്കണമെന്ന ആവശ്യം നിലനിൽക്കുന്നുണ്ട്. മൂന്ന് സ്റ്റിമുലസ് പാക്കേജുകൾ കേന്ദ്രം പ്രഖ്യാപിച്ചു. കോർപ്പറേറ്റ് സെക്ടറിന് ചില നികുതി ഇളവുകൾ ഏർപ്പെടുത്തി. കേന്ദ്ര ധനകാര്യമന്ത്രാലയം നടത്തിയ സമയോചി തമായ ഇടപെടലുകളാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാത ങ്ങളിൽനിന്നും ഇന്ത്യയെ രക്ഷിച്ചത്. അതേസമയം കേന്ദ്രഗവൺമെന്റിന്റെ ധനകാര്യമാനേജ്മെന്റ് ശരിയല്ല എന്ന വൈരുദ്ധ്യം നിറഞ്ഞ നിലപാടാണ് ഈ സർക്കാർ കൈക്കൊണ്ടത്. ധനകമ്മി വർദ്ധിക്കുന്നത് ശരിയായ സാമ്പത്തിക സൂചകമല്ല. നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ഗവൺമെന്റ് ആരായണം. അടുത്ത സാമ്പത്തിക വർഷം മുതൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് കേന്ദ്രസർക്കാർ ഏർപ്പെടുത്താൻ പോകുന്നതിനാൽ ഈ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് താൽക്കാലിക പ്രസക്തിയേയുള്ളൂ എന്ന കാര്യം സർക്കാർ വിസ്മരിക്കരുത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. ഏറ്റവും അവസാനത്തെ പോയിന്റിൽ നിന്നും നികുതി ഈടാക്കുന്ന സമ്പ്രദായം ലോകത്തിലെ പല രാജ്യങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കേരളത്തിനായിരിക്കും ഇതിന്റെ പ്രയോജനം കൂടുതലായി ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകാൻ പ്രധാനകാരണം 'വാറ്റ്' സമ്പ്രദായം നടപ്പിലാക്കിയതാണ്. എന്നാൽ ജി.എസ്.ടി. ഇതിനേക്കാളേറെ സംസ്ഥാനത്തിന് പ്രയോജനം ചെയ്യുന്ന തായിരിക്കും. ബേക്കറി സാധനങ്ങൾക്കുള്ള നികുതി 4 ശതമാനത്തിൽ നിന്നും 12.5 ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുന്നത് പരിശോധിക്കണം. ട്രഷറി

കളിലെ ബാങ്കിംഗ് സർവ്വീസ് സംവിധാനം കുറേക്കൂടി പ്രൊഫഷണലൈസ് ചെയ്ത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള പണം മറ്റ് ബാങ്കുകളിലേയ്ക്ക് പോകാതെ ട്രഷറികളിൽ എ.ടി.എം. സംവിധാനം കൂടി ഏർപ്പെടുത്തി സംസ്ഥാന ഖജനാവിൽത്തന്നെ നിലനിർത്താനും ട്രഷറി കളിലേയ്ക്ക് കൂടുതൽ ഡെപ്പോസിറ്റ് ആകർഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഹംസ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാന ത്തിന്റെ റവന്യൂ കമ്മിയും ധനക്കമ്മിയും കടവും പലിശ ബാധ്യതയും കുറച്ചു കൊണ്ടും വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. കേരളത്തിന്റെ നികുതി വരുമാനം 7,037.96 കോടി രൂപയിൽ നിന്ന് 11,377.14 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അഴിമതിയും പൂഴ്ത്തിവയ്പ്പും തടയുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കി. സ്വർണ്ണത്തിന്റെ വില്പന നികുതിയിൽ നിന്നുള്ള വരുമാനം 51 കോടി രൂപയിൽനിന്നും 143.51 കോടി രൂപയായി ഉയർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുകളുൾപ്പെടെ വിവിധ പെൻഷനാനുകൂല്യങ്ങൾ കൃത്യമായി കൊടുത്തുതീർത്തത് ഈ ഗവൺമെന്റിന് അഭിമാനിക്കാവുന്ന കാര്യമാണ്. വിവിധ പദ്ധതികൾക്കായി രണ്ടായിരം കോടി രൂപയ്ക്കുള്ള ഭരണാനുമതി പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. അത് അയ്യായിരം കോടി രൂപയായി ഉയർത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. വാളയാർ ചെക്ക്പോസ്റ്റിനെ അഴിമതിരഹിതമാക്കി മാറ്റി.. ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം 191 കോടി രൂപയിൽ നിന്നും 262 കോടി രൂപയായി ഉയർത്താൻ ഈ

ഗവൺമെന്റിന് സാധിച്ചു. മിനറൽ വാട്ടർ ടെസ്റ്റിംഗ് സംവിധാനമേർപ്പെടുത്തുകയും സ്പിരിറ്റ് കള്ളക്കടത്ത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തുന്നതിനുവേണ്ടി വനം വകുപ്പും വിദ്യാഭ്യാസവകുപ്പുമുൾപ്പെടെ മാതൃകാപരമായ പരിപാടികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പേപ്പർ ബാഗുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി എടുത്തുകളഞ്ഞുകൊണ്ട് അവയുടെ ഉപയോഗം കൂടുതൽ പ്രോൽസാഹിപ്പിക്കണം. കോൺക്രീറ്റ് ഡോർ, വിൻഡോ ഫ്രെയിം എന്നിവ നിർമ്മിക്കുന്ന ചെറുകിട സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യണം. ബേക്കറി സാധനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി കുറയ്ക്കണം. പാൻപരാഗ്, സിഗററ്റ് എന്നിവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും തടയുന്നതിനുംവേണ്ടി അവയ്ക്ക് ഉയർന്ന തോതിലുള്ള നികുതി ഏർപ്പെടുത്തണം. 10 ലക്ഷം സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യുന്ന പദ്ധതിക്കൊപ്പം പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായിട്ടുള്ള എൽ.ഇ.ഡി. ലാമ്പുകളുടെ വിതരണം പ്രോൽസാഹിപ്പിക്കുകയും അതിന്റെ നികുതി ഇളവ് ചെയ്യുകയും ചെയ്യണം. സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്ന തീപ്പെട്ടി വ്യവസായത്തിനുള്ള തടിക്ക് ഉയർന്ന തോതിലുള്ള നികുതി ഏർപ്പെടുത്തിക്കൊണ്ട് ചെറുകിട തീപ്പെട്ടി വ്യവസായത്തെ സംരക്ഷിക്കണം. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇ-റിട്ടേൺ ഫയലിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ കടകളും കമ്പ്യൂട്ടറൈസ് ചെയ്ത് ഡാറ്റാസ് കൃത്യമായി ടാക്സ് മെഷീനറിയിലേയ്ക്ക് പാസ്സ് ചെയ്യത്തക്ക രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തണം. വ്യാപാരികൾക്കും വ്യവസായികൾക്കും കെ.എസ്.എഫ്.ഇ. യിലൂടെ ചുരുങ്ങിയ പലിശയ്ക്ക് വായ്പ കൊടുത്ത്

ഇതിനുവേണ്ടിയുള്ള സോഫ്റ്റ് വെയറും ഹാർഡ് വെയറും വാങ്ങിക്കാനുള്ള സംവിധാനമുണ്ടാക്കണം. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന് വിധേയമായിട്ടുള്ള ബാങ്കുകൾ നിർബന്ധമായും ഗവണ്മെന്റ് സെക്യൂരിറ്റിയിൽ 15 ശതമാനമെങ്കിലും നിക്ഷേപിക്കേണ്ടതുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികൾ കേരളത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിന് ഏറെ സഹായകരമായിരിക്കും എന്നുള്ളതുകൊണ്ട് അതുപയോഗിക്കാനുള്ള സംവിധാനമുണ്ടാക്കണം. സംസ്ഥാനത്ത് മദ്യ മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ വരുമാനത്തിന്റെ നിശ്ചിത ശതമാനം ഒരു പ്രത്യേക സെസ്സാക്കി മാറ്റി അത് വിദ്യാഭ്യാസത്തിനും സാമൂഹ്യക്ഷേമ പദ്ധതികൾക്കും വേണ്ടി നീക്കിവയ്ക്കാൻ കഴിയണം. ക്ഷേമപെൻഷനുകളുടെ തുക കുറച്ചുകൂടി വർദ്ധിപ്പിക്കണം. ട്രഷറികളെ കേരളത്തിലുള്ള നിക്ഷേപങ്ങളെയാകെ ആകർഷിക്കുന്ന തരത്തിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ആഡിറ്റിംഗ്, പൗരാവകാശ രേഖ എന്നിവ വഴി ട്രഷറികളും ജനങ്ങളും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ട്രഷറിയിലേയും ധനകാര്യ വകുപ്പിലേയും ജീവനക്കാരെ സാമൂഹ്യപ്രതിബദ്ധതയുള്ളവരായി മാറ്റാൻ സാധിച്ചു. എ.ടി.എം. സൗകര്യം കൂടി ഏർപ്പെടുത്തി എല്ലാവരേയും ആകർഷിക്കുന്ന തരത്തിൽ ട്രഷറികളെ മാറ്റാൻ കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങളുടെ പണം ട്രഷറിയിലേയ്ക്ക് വരാനും സാമ്പത്തിക പ്രതിസന്ധിയില്ലാതെ കേരളത്തിന് മുന്നോട്ടു പോകാനും സാധിക്കും.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഈ ബില്ലിലെ നിർദ്ദേശങ്ങൾ കൊണ്ട് സംസ്ഥാനത്തിനോ ജനങ്ങൾക്കോ യാതൊരു പ്രയോജനവും ഉണ്ടാകില്ല. യുക്തിപൂർവ്വവും

ഭാവനാപൂർണ്ണവുമായ നികുതി നിർദ്ദേശങ്ങളിലുടെ വരുമാനം വർദ്ധിപ്പിച്ച് സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തുക എന്ന ഗവൺമെന്റിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടുന്നില്ല. കൂട്ടുത്തരവിദിത്വമില്ലാത്ത ഗവൺമെന്റാണിത്. നികുതി നിർദ്ദേശങ്ങൾ ശാസ്ത്രീയമല്ല. കാനൻ ഓഫ് ടാക്സേഷനിൽ പറയുന്ന കാര്യങ്ങളൊക്കെ ലംഘിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നുകൊല്ലവും പദ്ധതി പ്രവർത്തനങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. മലപ്പുറത്ത് അലിഗഢ് യൂണിവേഴ്സിറ്റി ക്യാമ്പസ് സ്ഥാപിക്കാൻ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഡിമാന്റ് ഇലാസ്റ്റിസിറ്റി നോക്കുന്നില്ല. സാമ്പത്തികമാന്ദ്യം കുറയ്ക്കാൻ കഴിയുന്ന രീതിയിലല്ല ടാക്സ് നിർദ്ദേശങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. 2000 കോടി രൂപയുടെ വർക്കിന് എ.എസ്. കൊടുത്തതിൽ പക്ഷപാതം നടന്നിട്ടുണ്ടോയെന്നുള്ളത് പിരശോധി ക്കേണ്ടതുണ്ട്. കേരളത്തിന്റെ വികസനത്തിനുതകുന്ന രീതിയിലല്ല പദ്ധതികൾക്ക് എ.എസ്. കൊടുത്തിരിക്കുന്നത്. നികുതിപിരിവ് ഊർജ്ജിതമാക്കിയെന്ന് അവകാശപ്പെടുന്നത് ശരിയല്ല. പെൻഷൻ കൊടുക്കൽ മാത്രമാണ് ക്ഷേമപ്രവർത്തനം എന്ന രീതിക്ക് മാറ്റം വരണം.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിന്റേയും തകർച്ചയുടേയും പശ്ചാത്തലത്തിൽ വേണം കേരളത്തിലെ കർമ്മ പദ്ധതികളെക്കുറിച്ചും സാമ്പത്തിക കാഴ്ചപ്പാടിനെക്കുറിച്ചും വിലയിരുത്തേണ്ടത്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. സാമ്പത്തിക മാനേജ്മെന്റ് സുതാര്യമാക്കി മാറ്റുന്നതിനും സാമൂഹിക ക്ഷേമം ഉറപ്പുവരുത്തുന്നതിനും ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും സാധിച്ചു. പ്രധാന നിരത്തുകളൊക്കെ

സഞ്ചാരയോഗ്യമാക്കി മാറ്റുന്നതിനും കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലും അടിസ്ഥാന സൗകര്യ വികസനത്തിനായി വമ്പിച്ച തുക നീക്കിവയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളൊക്കെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥ സംവിധാനമുണ്ടാക്കുന്നതിൽ നിശ്ചയദാർഢ്യത്തോട ഗവൺമെന്റ് മുന്നോട്ടുപോകണം. ഗ്രാമീണ മേഖലയുടെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കേരള കാർഷിക സർവ്വകലാശാലയെ ഗുരുതരമായ സാമ്പത്തിക ബാധ്യതകളിൽ നിന്നും രക്ഷി ക്കാനുള്ള നടപടി സ്വീകരിക്കണം. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇടപെടൽ നടത്താൻ കഴിയുന്ന ഒരു സർവ്വകലാശാലയായി ഇതിനെ മാറ്റണം. പ്രശ്നങ്ങൾ പരിഗണിച്ച് 50 കോടി രൂപ വൺ ടൈം ഗ്രാന്റ് നൽകി യൂണിവേഴ്സിറ്റിയെ സഹായിക്കണമെന്ന നിയമസഭാ കമ്മിറ്റിയുടെ ശുപാർശയിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2007-08-ൽ അനുവദിച്ച ഗ്രാന്റിന്റെ ഇരട്ടി പണം ചെലവഴിച്ചെങ്കിൽ മാത്രമേ യൂണിവേഴ്സിറ്റിയുടെ ബാധ്യത നിറവേറ്റാൻ കഴിയൂ എന്നതാണ് സ്ഥിതി. ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷിക സർവ്വകലാശാലയുടെ ഗ്രാന്റ് 50 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. 2001 മുതൽ 2006 വരെയുണ്ടായിരുന്ന അവഗണനയുടെ ഫലമായി തകർന്നുകൊണ്ടിരിക്കുന്ന സർവ്വകലാശാലയെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.എം. മാണി:</u> ധനകാര്യ ബില്ലിനെ എതിർക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ നികുതി നിർദ്ദേശങ്ങളും ഫിനാൻസ് ബില്ലിൽ കൊണ്ടു

വന്നിട്ടില്ലെന്ന് മാത്രമല്ല കൊണ്ടുവന്ന നിർദ്ദേശങ്ങൾക്ക് നിയമപ്രാബല്യവുമില്ല. കേരള സ്റ്റാമ്പ് ആക്ട് 28(എ) വകുപ്പനുസരിച്ചുള്ള ഫെയർ വാല്യൂ നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ട് ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിലെടുക്കുന്ന തീരുമാനങ്ങൾക്ക് നിയമ പ്രാബല്യമില്ലാത്തതിനാൽ കോമ്പൗണ്ടിംഗ് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ അതിലൂടെയുള്ള വരുമാനം ലഭിക്കുകയില്ല. വയൽ നികത്തലുകൾ റെഗുലറൈസ് ചെയ്യുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിരുന്നത് ധനകാര്യബില്ലിൽ പരാമർശിച്ചിട്ടില്ല. കൺവെർഷൻ നടത്തിയവർക്ക് പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ സെസ്സ് ഈടാക്കി റെഗുലറൈസ് ചെയ്ത് കൊടുക്കാമെന്നാണ് നിയമം. റെഗുലറൈസേഷൻ അധികാരം ഗവൺമെന്റിനില്ലാത്തതുകൊണ്ട് ഇതിൽ നിന്നുള്ള വരുമാനമായി കണക്കാക്കിയ 25 കോടി രൂപ ലഭിക്കില്ല. പാട്ടവാടക വർദ്ധിപ്പിക്കുന്നതിലൂടെ 20 കോടി രൂപയുടെ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുവെന്ന പ്രഖ്യാപനം പ്രായോഗികമല്ലാത്തതുകൊണ്ട് ഫിനാൻസ് ബില്ലിൽ കൊണ്ടുവന്നിട്ടില്ല. അതിനുകാരണം നിയമസഭ പാസ്സാക്കിയ 1999-ലെ കേരള ലാന്റ് ആന്റ് ലീസ് മോഡിഫിക്കേഷൻ അമെന്റ്മെന്റ് ബിൽ പ്രസിഡന്റിന്റെ അംഗീകാരത്തിന് അയച്ചത് പിൻവലിച്ചതാണ്. അണക്കെട്ടുകളിലെ ചെളിയും മണലും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഉപദേശം നൽകുന്നതിനും മറ്റുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമെന്നും മണലിൽ നിന്ന് 300 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നുവെന്നും പ്രഖ്യാപിച്ചിരുന്നു. വിദഗ്ദ്ധ സമിതിയെ ഇതുവരെ നിയോഗിച്ചിട്ടില്ലാത്തതിനാൽ ഇത് ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ 574 കോടി രൂപ

യുടെ അധിക വിഭവ സമാഹരണം പ്രഖ്യാപിച്ചതിൽ 445 കോടി രൂപയും നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ പ്രായോഗികമല്ല.

ശ്രീ. പി.എം.എ. സലാം: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും വിദഗ്ദ്ധമായ ഫിനാൻസ് മാനേജ്മെന്റിലൂടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ നിലനിർത്താൻ ഈ സർക്കാരിന് കഴിഞ്ഞു. റവന്യൂ കമ്മിയും ധനകമ്മിയും ഗണ്യമായി കുറയ്ക്കാനും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും വികസന രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കാനും കഴിഞ്ഞു. 60 വയസ്സിന് മുകളിലുള്ള എല്ലാ വിഭാഗം ആളുകൾക്കും പെൻഷൻ ഏർപ്പെടുത്തി. ട്രഷറിയുടെ പ്രവർത്തനം സജീവമാക്കി. പൗരാവകാശ രേഖയും സോഷ്യൽ ആഡിറ്റ് സംവിധാനവും കൊണ്ടുവന്നതിലൂടെ സാധാരണ ജനങ്ങൾക്കും ട്രഷറികളുമായി ബന്ധപ്പെടാനുള്ള അവസരമുണ്ടായി. വികസനപ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്കുകൂടി പങ്കാളിത്തം നൽകുന്ന പദ്ധതി സ്വാഗതാർഹമാണ്. പ്രവാസി മലയാളികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. പ്രഖ്യാപിക്കുന്ന പദ്ധതികളൊക്കെ നടപ്പിലാക്കാനുള്ള സത്വര നടപടിയുണ്ടാകണം. സ്ഥലമെടുപ്പിനും മറ്റും കാലതാമസം നേരിടുമെന്നതുകൊണ്ട് കാലിക്കട്ട് യൂണിവേഴ്സിയുടെ ഏതെങ്കിലും കെട്ടിടത്തിൽ അലിഗഢ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് താൽക്കാലികമായി പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. എം. മോനായി: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി റവന്യൂ കമ്മി 0.5 ശതമാനവും ധനകമ്മി 3 ശതമാനത്തിൽ താഴെയുമായിരിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റിൽ ഇത് ആറ്

ശതമാനത്തിലധികമായിരിക്കുന്നു. ഈ സർക്കാരിന്റെ സാമ്പത്തിക നയസമീപനങ്ങൾ കേരളത്തെ വളരെയധികം മുന്നോട്ട് നയിച്ചിട്ടുണ്ട്. ഭൂപരിഷ്കരണം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിലുണ്ടായ മുന്നേറ്റം വർഷങ്ങളായി കോൺഗ്രസ്സ് ഭരിച്ച മറ്റൊരു സംസ്ഥാനത്തും ഉണ്ടായിട്ടില്ല. കടക്കെണിയിൽപ്പെട്ട കർഷകർക്ക് കടാശ്വാസം നൽകുകയും പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുകയും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളെ യഥാർത്ഥ ആതുര സേവനകേന്ദ്രങ്ങളാക്കി മാറ്റി. സഹകരണ മേഖലയിലേയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റേയും ചന്തകളിലൂടെ ഉപഭോഗ സംസ്ഥാനമായ കേരളത്തിലെ പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെടുത്തു. വനം കൊള്ളക്കാരെ തുറുങ്കിലടയ്ക്കുകയും പോലീസ് സ്റ്റേഷനുകളെ ജനമൈത്രീ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്തു. തകർന്ന് തരിപ്പണമായിരുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കി. ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി-യേയും വാട്ടർ അതോറിറ്റിയേയും ജനസേവന കേന്ദ്രങ്ങളാക്കി മാറ്റി. കെ.എസ്.ആർ.ടി.സി-യിൽ ബസ്സ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടായിരുന്ന അഴിമതി അവസാനിപ്പിച്ചു. വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും വായ്പയെടുക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമുണ്ടാക്കാനും അതുവഴി മുടങ്ങിക്കിടന്നിരുന്ന ജലസേചന പദ്ധതികൾ പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ള പവർ ഓഫ് അറ്റോർണി സമ്പ്രദായം

നിർത്തലാക്കുകയും ആധാരം രജിസ്റ്റർ ചെയ്യുന്നതിൽ നവീകരണം ഏർപ്പെടുത്തുകയും ചെയ്തു. വില കുറച്ചു കാണിച്ച് ഭൂമി രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ കോമ്പൗണ്ട് ചെയ്യാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. ഈ സാമ്പത്തിക മാന്ദ്യത്തിന്റെ കാലഘട്ടത്തിലും 2000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയത് അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ധനകാര്യ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തെ മുഴുവൻ റോഡുകളും തകർന്ന് തരിപ്പണമായിരിക്കുകയാണ്. ഹൈക്കോടതി വിധിപോലും മാനിക്കാതെ മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ഡ്രെഡ്ജിംഗിന് ക്വട്ടേഷൻ വിളിക്കാതെ വർക്ക് കൊടുത്തത് ശരിയായ നടപടിയല്ല. 26 ശതമാനം സർക്കാർ ഷെയറും 74 ശതമാനം സ്വകാര്യ വ്യക്തികളുടെ ഷെയറുമുള്ള ഇൻകെലിന് വർക്ക് കൊടുക്കുന്നത് സമ്പന്നരെ സഹായിക്കാനാണ്. കെ.എം.എം.എൽ-ലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച നിയമസഭാസമിതി സമർപ്പിച്ച റിപ്പോർട്ടുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് അവസാനിപ്പിക്കണം.

ശ്രീമതി കെ. കെ. ലതിക: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതികളിൽനിന്ന് സംസ്ഥാനത്തെ സംരക്ഷിക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള ധനകാര്യ മാനേജുമെന്റാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വികസന ചെലവ് ഉയർത്തിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുമുള്ള ശ്രമമാണ് സർക്കാർ നടത്തി വരുന്നത്. കൂടുതൽ

റോഡുകളും പാലങ്ങളും മേൽപ്പാലങ്ങളും വിമാനത്താവളങ്ങളും നിർമ്മിക്കുന്നതുവഴി വ്യാവസായിക വളർച്ച കൈവരിക്കാൻ കഴിയുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനും കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിൽ പുരോഗതി കൈവരിക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. ഉദ്യോഗസ്ഥതലം ഉടച്ചുവാർക്കാൻ നിയമ പരിഷ്ക്കരണം കൊണ്ടുവരികയും ആ മേഖലയിലെ പ്രശ്നങ്ങൾ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിക്കുകയും വേണം. വില്പന നികുതിയിൽനിന്നും പേപ്പർ കവറിനെ ഒഴിവാക്കണം. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിച്ചത് ജനോപകാര പ്രവർത്തനങ്ങൾക്ക് പ്രയോജനപ്രദമാണ്. കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിഞ്ഞു. അർഹതപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും പെൻഷൻ ഏർപ്പെടുത്തി. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ മികച്ച ധനകാര്യ മാനേജുമെന്റിലൂടെ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. രാഷ്ട്രീയം നോക്കാതെ ആവശ്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ഗവൺമെന്റാണിത്. സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ എത്രയുംവേഗം തീർപ്പുണ്ടാക്കുകയും സെക്രട്ടേറിയറ്റിലെ സീനിയർ ഉദ്യോഗസ്ഥരെ ഫീൽഡിൽ അയച്ച് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. കാഞ്ഞിരപ്പള്ളി മിനിസിവിൽ സ്റ്റേഷന്റെ അഞ്ചുനില കെട്ടിടത്തിന്റെ പണികൾ ഉദ്ദേശിച്ചതിലും നേരത്തെതന്നെ പൂർത്തിയാക്കി. ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്. 2009-ലെ പുതുക്കിയ എസ്.ആർ.ഒ. അനുസരിച്ച് നിയോജകമണ്ഡല വികസന ഫണ്ട് എം.എൽ.എ.

മാർക്ക് അനുവദിക്കണം. ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 50 ലക്ഷം രൂപവീതം ഓരോ പഞ്ചായത്തിനും ഓരോ വർഷവും നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ 2000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകാൻ ഗവൺമെന്റിന് സാധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാൻ വേണ്ടിയുള്ള ബില്ലിലെ വ്യവസ്ഥ സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് ഗുണം ചെയ്യും. ബേക്കറി ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധനവ് പിൻവലിക്കണം. പേപ്പർ കവറുകളുടെ നികുതി മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കണം. കോൺക്രീറ്റ് വിൻഡോ, ഡോർ ഫ്രെയ്മുകളുടെ നികുതി ഒഴിവാക്കണം. മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കണം. സിഗരറ്റ്, പാൻപരാഗ് എന്നിവയുടെ നികുതി 20 ശതമാനത്തിനുമുകളിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ അനധികൃത മണൽവാരൽ തടയുന്നതിനും മണൽ മാഫിയകളിൽനിന്നും മാക്സിമം പെനാൽറ്റി ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം. വേണ്ട രീതിയിൽ നികുതി പിരിച്ച് ധനസ്ഥിതി മെച്ചപ്പെടു ത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റവന്യൂച്ചെലവ് നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചതിന്റെ ഫലമായി 2010-2011 ആകുമ്പോഴേയ്ക്കും റവന്യൂ കമ്മി ‘സീറോ’യിലേയ്ക്ക് എത്തിക്കാനും വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ പണം വിനിയോഗി ക്കാനും കഴിയും. സ്റ്റേറ്റിന്റെ പൊതു കടത്തിന്റെ തോത് കുറയ്ക്കാനും ‘വാറ്റ്’ നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ക്രമീകരണത്തിലൂടെ പിരിച്ചെടുത്ത നികുതിത്തുക വിവിധ

പെൻഷൻ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ സാധിച്ചുവെന്നത് വസ്തുതയാണ്. ചെക്ക്പോസ്റ്റുകളിലൂടെയുള്ള നികുതി പിരവ് ഓരോ വർഷവും ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് വാണിജ്യ നികുതി 66 ശതമാനവും 'വാറ്റ്' നികുതി 109 ശതമാനവുമായി ഉയർന്നിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായതുകൊണ്ടാണ് നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരുമിച്ച് ഭരണാനുമതി കൊടുക്കാൻ കഴിഞ്ഞത്. ഒരു ദിവസംപോലും ട്രഷറി അടച്ചുപൂട്ടുകയോ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരികയോ ചെയ്തിട്ടില്ല എന്നത് കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റാണ് വ്യക്തമാക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള വിവിധയിനം പെൻഷൻ കുടിശ്ശികകൾ കൊടുത്തു തീർക്കുകയും പാവപ്പെട്ടവർക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ വിലയ്ക്ക് നെല്ല് സംഭരിച്ചുകൊണ്ട് കർഷകർക്ക് ആശ്വാസമേകാനും കാർഷിക മേഖലയെ മെച്ചപ്പെട്ട സ്ഥിതിയിലേയ്ക്ക് എത്തിക്കാനും കർഷക ആത്മഹത്യ ഇല്ലാതാക്കാനും കഴിഞ്ഞു. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും രക്ഷപ്പെടുത്താൻ പരമാവധി സഹായം നൽകി. കരാറുകാർക്ക് നൽകാനുണ്ടായിരുന്ന 1600 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. നബാർഡിന്റെ സഹായത്തോടെ 'സ്പാൻ' പദ്ധതിയിൽപ്പെടുത്തി മുടങ്ങികിടന്നിരുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഭാഗ്യക്കുറി മേഖലയിൽ

160 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടാക്കാനും അനധികൃത ലോട്ടറികൾ നിയന്ത്രിക്കുന്നതിന് ശക്തമായ നിലയിൽ ഇടപെടാനും കഴിഞ്ഞു. വ്യവസായ വികസനത്തിൽ കെ.എഫ്.സി.യുടെ പങ്കാളിത്തം ഉറപ്പാക്കാനും കെ.എസ്.എഫ്.ഇ. യുടെ വാർഷിക ടേൺ ഓവർ വർദ്ധിപ്പിക്കാനും കഴിഞ്ഞു. ട്രഷറികളിൽ സോഷ്യൽ ആഡിറ്റ് നടപ്പാക്കി. ചെക്ക് പോസ്റ്റുകളെ അഴിമതിരഹിതമാക്കി മാറ്റി. ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്താനും നവീകരണത്തിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

<u>ശ്രീ. കെ. രാജു :</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. പ്രതിജ്ഞാബദ്ധവും മാതൃകാപരവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ നടത്തികൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഭീമമായ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തിന്റെ പുരോഗതിക്കായി പുതിയ നികുതി നിർദ്ദേശിക്കപ്പെടണമെന്നാണ് പ്രതിപക്ഷം പോലും ആവശ്യപ്പെടുന്നത്. ഡാമുകളിലെ റിസർവോയറുകളിൽ അടിഞ്ഞുകൂടുന്ന മണൽ വിൽക്കുന്നതിലൂടെ സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ വരുമാനം ഉണ്ടാക്കാൻ കഴിയും. വനത്തിനുള്ളിലെ റിസർവോയറുകളിൽനിന്നും മണലെടുക്കുന്നതിന് അടിയന്തിരമായി ഏർപ്പെടുണ്ടാക്കിയാൽ വരുമാന വർദ്ധനവിനൊപ്പം വനമേഖലയിലെ തൊഴിലാളികൾക്ക് ദീർഘകാലത്തേയ്ക്ക് തൊഴിൽ ലഭ്യമാക്കാനും മണൽ ശേഖരിച്ച് ലേലം ചെയ്യുന്നതിലൂടെ നിർമ്മാണ മേഖലയിൽ മണലിന്റെ ലഭ്യത ഉറപ്പാക്കാനും കഴിയും. വനം-ജലവിഭവം-റവന്യൂ എന്നീ വകുപ്പുകൾ കൂടിയാലോചിച്ചുകൊണ്ട് ഡാമുകളിൽനിന്നുകൂടി മണൽ ശേഖരിച്ച് ലേലം ചെയ്യാനുള്ള തീരുമാനമെടുക്കണം. തോട്ടം മേഖലയിൽ വർഷങ്ങൾക്ക് മുമ്പ്

നിശ്ചയിച്ച പാട്ടത്തുക വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. പാട്ടത്തുക വർദ്ധിപ്പിച്ചത് വൻകിട മുതലാളിമാരെ മാത്രമാണ് ബാധിക്കുന്നത്. പാട്ടവ്യവസ്ഥയിൽ എടുക്കുന്ന ഭൂമി മറിച്ചുവിറ്റ് മറ്റ് പല ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്നത് തടയാൻ കഴിയണം. പുതിയ റോഡുകളുടെയും പാലങ്ങളുടേയും പണിക്കുവേണ്ടി 2000 കോടി രൂപയുടെ ഭരണാനുമതി നൽകാനുള്ള തീരുമാനം ശ്രദ്ധേയമാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ ഫണ്ട് കൊടുക്കൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തുക കണ്ടെത്തുന്നതിന് മദ്യത്തിന് ഒരു ശതമാനം സെസ് കൂടി ഏർപ്പെടുത്തിയാൽ മതി. എം.എൽ.എ ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. നികുതി പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കിയതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ കഴിഞ്ഞു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാർ പലിശയും പിഴപലിശയും ഒഴിവാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ ശ്രമിക്കുമ്പോൾ പൊതുമേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 49 ശതമാനം ഷെയറുകൾ സ്വകാര്യ മേഖലയിൽ വിൽക്കാനാണ് പങ്കാളിത്ത സ്വകാര്യവൽക്കരണം കൊണ്ട് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ നയങ്ങൾ പിന്തുടർന്നുകൊണ്ട് ധനകാര്യ മേഖലയിൽ സർക്കാർ ഇടപെടൽ പരമാവധി കുറയ്ക്കാനും ധനകമ്മി കുറയ്ക്കാനും സംസ്ഥാനങ്ങളോട് ആവശ്യപ്പെ ടാനാണ് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിലൂടെ കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങൾക്ക് വിരുദ്ധമായി

സംസ്ഥാന സർക്കാർ ജനങ്ങളുടെ വാങ്ങൽ കഴിവ് വർദ്ധിപ്പിച്ചുകൊണ്ടാണ് ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നത്. വികസന ചെലവുകൾ കൂടുതൽ നിർവഹിക്കുന്ന സംസ്ഥാനങ്ങൾക്ക് നികുതി വരുമാനത്തിന്റെ പ്രധാനപ്പെട്ട പങ്ക് നൽകണം. രാജ്യത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 38 ശതമാനം മാത്രമാണ് കേരളത്തിന് നൽകുന്നത്. ഈ അസന്തുലിതാവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. വാറ്റ് നികുതി സമ്പ്രദായത്തിന് ഏകീകൃത രൂപം നൽകുകവഴി നികുതി നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരത്തിനുമേലുള്ള കടന്നുകയറ്റമാണ് കേന്ദ്ര സർക്കാർ നടത്തിയത്. ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ സംസ്ഥാനങ്ങൾക്കുമേൽ അവ അടിച്ചേൽപ്പിക്കുന്ന കേന്ദ്രത്തിന്റെ പ്രവണത തടയാൻ ശ്രമിക്കണം. കേന്ദ്ര സർക്കാരിന്റെ ബി.പി.എൽ. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. സംസ്ഥാനങ്ങളോട് ധനകമ്മി കുറയ്ക്കാൻ ആവശ്യപ്പെടുകയും കേന്ദ്ര ബഡ്ജറ്റിലൂടെ 18,000 കോടി രൂപയുടെ നികുതി ഇളവ് വൻകിട കുത്തകകൾക്ക് നൽകുകയും ചെയ്ത നടപടി ശരിയല്ല. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച 9 ശതമാനത്തിൽ നിന്നും 6.7 ശതമാനമായി കുറഞ്ഞു. സാധാരണക്കാരുടെ നികുതി വർദ്ധിപ്പിക്കാതെ നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ശക്തമായ നടപടികളുമായിട്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. വാറ്റ് നികുതി 61.85 ശതമാനവും വാണിജ്യ നികുതി വരുമാനം 66 ശതമാനവും വർദ്ധിപ്പിക്കാൻ സാധിച്ചു. ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ സാധിച്ചു. ധനക്കമ്മി 3.41 ശതമാനമായും റവന്യൂ കമ്മി 2.04 ശതമാനമായും കുറയ്ക്കാൻ സാധിച്ചു. ആഭ്യന്തരവരുമാനവും കടവും തമ്മിലുള്ള അനുപാതം കുറയ്ക്കാൻ സാധിച്ചു. ലോട്ടറി ജനകീയമാക്കാനും

വരുമാനം 484.5 കോടി രൂപയായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കോൺക്രീറ്റ് ഡോർ, വിൻഡോ ഫ്രെയിമുകൾ എന്നിവയെ മുൻകാല പ്രാബല്യത്തോടെ നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. രജിസ്റ്റേർഡ് അല്ലാത്ത ബേക്കറി ഉൽപ്പന്നങ്ങളെ 12.5 ശതമാനം നികുതി വർദ്ധനവിൽ നിന്ന് ഒഴിവാക്കണം. അച്ചടി മേഖലയിലുള്ള അനുബന്ധ ഉപകരണങ്ങൾക്ക് ഏർപ്പെടുത്തിയ നാലു ശതമാനം നികുതി പേപ്പർ കവറുകൾക്കുകൂടി ബാധകമാക്കണം. സ്വർണ്ണ നികുതിയിനത്തിൽ 143.51 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചത് പ്രധാനപ്പെട്ട ഒരു നേട്ടമാണ്. ധനകാര്യ മേഖലയിൽ വിപ്ളവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് കെട്ടുറപ്പുള്ള ഒരു ധനകാര്യ മാനേജ്മെന്റുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. എം. മുരളി</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. നടപ്പു സാമ്പത്തികവർഷത്തിൽ കഴിഞ്ഞ മൂന്നര മാസം കൊണ്ട് സംസ്ഥാനത്തെ നികുതി പിരിവിൽ ഗണ്യമായ കുറവ് വന്നതിന് പ്രധാനപ്പെട്ട ഒരു കാരണം ധനകാര്യ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയാണ്. വാണിജ്യനികുതി വകുപ്പിൽ ഒന്നര വർഷമായി കമേഴ്സ്യൽ ടാക്സസ് കമ്മീഷണർ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ഖേദകരമാണ്. മൂന്ന് ജോയിന്റ് കമ്മിഷണർമാരുടെ പോസ്റ്റുകൾ സൃഷ്ടിച്ച് ടാക്സ് കളക്ഷൻ കാര്യക്ഷമമാക്കണം. ആഡിറ്റ് അസ്സസ്മെന്റ് വിംഗും കമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റും കാര്യക്ഷമമാക്കണം. കറുകുറ്റി, കോട്ടപ്പുറം ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയ നടപടി പുന:പരിശോധിക്കണം. കെ.ജി.എസ്.ടി.-യിലും വാറ്റിലും കൊണ്ടുവന്ന പുതിയ നികുതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് റൂൾസ് ഫ്രെയിം ചെയ്യണം. ഡെപ്യൂട്ടി കമ്മീഷണർമാർക്കുള്ള അപ്പലേറ്റ് അധികാരം പുന:സ്ഥാപിക്കണം. കെ.ജി.എസ്.ടി. 10-ാം വകുപ്പ് അനുസരിച്ച് ഒരു നോട്ടിഫിക്കേഷ

നിലൂടെ നികുതിനിരക്ക് കുറയ്ക്കാനും നികുതി വേണ്ടെന്ന് വയ്ക്കാനുമുള്ള വ്യവസ്ഥ വാറ്റ് ആക്ടിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഡിമാൻഡ് നോട്ടീസ് അയച്ചുകഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ പണമടച്ചില്ലെങ്കിൽ വ്യാപാരികൾ രണ്ടിരട്ടി പിഴ കൊടുക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കണം. ബ്രാൻഡഡ് അല്ലാത്തതും സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്നതുമായ ബ്രെഡ് ആന്റ് ബേക്കറി ഐറ്റത്തിന് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. കേരളത്തിലെ ചെറുകിട വ്യവസായസംരംഭങ്ങൾ നിർമ്മിക്കുന്ന അഞ്ചു കോടി രൂപയിലധികം വിൽപ്പനയുള്ള ഹാൻഡ്മെയ്ഡ് സോപ്പുകൾക്ക് നികുതി ഈടാക്കണം. പെട്രോൾ ഡീസൽ വിലവർദ്ധനവുമൂലമുണ്ടാകുന്ന അധികനികുതിയുടെ ഒരുശതമാനം കുറവ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. രണ്ടു ലക്ഷം രൂപയ്ക്ക് മുകളിൽ പ്രതിവർഷം വരുമാനമുള്ളവരെ മാത്രം ആഡംബര നികുതിയിൽ ഉൾപ്പെടുത്തണം. സ്വകാര്യ ടൂറിസം മേഖലയ്ക്ക് ആറു മാസം കൂടി ടാക്സ് എക്സംപ്ഷൻ ഏർപ്പെടുത്തിയ നടപടി പുന:പരിശോധിക്കണം. അപ്രായോഗികമായ വരുമാനസ്രോതസ്സുകൾ കണ്ടെത്തുകയും അവയ്ക്ക് നിയമപ്രാബല്യം നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്നതിനാൽ ടാക്സ് കളക്ഷൻ കുത്തനെ ഇടിയുന്ന ഒരു സ്ഥിതി വിശേഷമാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പശ്ചാത്തല സൗകര്യ നിർമ്മാണത്തിന് കൂടുതൽ ശ്രദ്ധ കൊടുക്കുന്നതിന്റെ ഫലമായി ആവിഷ്ക്കരിച്ച 5000 കോടി രൂപയുടെ നിർമ്മാണ പാക്കേജിൽ 2000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; 1000 കോടി രൂപയുടെ പദ്ധതികൾക്കുകൂടി ഉടനെ ഭരണാനുമതി നൽകുന്നതാണ്. ഓരോ നിയോജക മണ്ഡലത്തിലും 15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് ഉടൻതന്നെ ഭരണാനുമതി നൽകുന്നതാണ്. സർവ്വകലാശാല കൾക്കുള്ള ധനസഹായം ഉയർത്തുന്നതു സംബന്ധിച്ച് പഠന റിപ്പോർട്ട് ലഭി ക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കാർഷിക സർവ്വക ലാശാലയിലെ പെൻഷൻ കുടിശ്ശിക ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രത്യേക മായി പരിശോധിക്കുന്നതാണ്. ഗ്രാമീണ റോഡുകൾ മെച്ചപ്പെടുത്തുന്ന തിനുള്ള ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിശ്ചയിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുമായി ചർച്ച നടത്തുന്നതാണ്. ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനം അതീവ ഗുരുതരമായ സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. നിയമപ്രകാരമുള്ള ലോട്ടറി നിർവ്വചനത്തിൽപ്പെടുക യില്ലെന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഓൺലൈൻ ലോട്ടറി നിരോ ധിച്ചുവെങ്കിലും അതിന് സഹായകരമായ രീതിയിൽ പേപ്പർ ലോട്ടറി നിയമം കൊണ്ടുവന്നു. പ്രസ്തുത നിയമത്തിന്റെ വയലേഷനെതിരായിട്ടുള്ളതും സുപ്രീം കോടതിയിൽ വിചാരണയിലിരിക്കുന്നതുമായ കേസ് നീട്ടിക്കൊണ്ടു പോകുന്നതിനുള്ള ശ്രമമാണ് ലോട്ടറി കമ്പനികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ലോട്ടറി സംബന്ധിച്ച കാര്യങ്ങൾ വിശദമായി പഠിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഓൺലൈൻ ലോട്ടറിയെക്കൂടി നിയമത്തിൽ ഉൾപ്പെടുത്തണ മെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നിയമ നിർമ്മാണം നടത്തിയാൽ അതീവ ഗുരുതരമായ സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉണ്ടാകും. കമ്മിറ്റി നിർദ്ദേശം തള്ളിക്കളയു ന്നതിന് സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. പ്രസ്തുത റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഓൺലൈൻ ലോട്ടറികൾക്ക് അനുകൂലമായി സുപ്രീം കോടതിയിൽ അഫിഡവിറ്റ് കൊടുക്കുകയില്ലെന്ന് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. മണൽക്ഷാമത്തിന് പരിഹാരം കാണുകയും സംസ്ഥാന സർക്കാരിന് വരുമാനം കൂട്ടുകയും ചെയ്യുക എന്ന ലക്ഷ്യ ത്തോടെ മണൽ ഖനനം നടത്തി ഡാമുകൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടന്നുവരികയാണ്. എൻവയോൺമെന്റൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് നടത്തുകയും ഡാം സേഫ്റ്റി പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തുകൊണ്ട് മലമ്പുഴ ഡാമിന്റെ കാര്യത്തിൽ ആദ്യമായി പരീക്ഷണാടി സ്ഥാനത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വിവിധ വശങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാ യതിനുശേഷം ടെണ്ടർ നടപടിയിലേയ്ക്ക് നീങ്ങുന്നതാണ്. ഡാമുകളിൽനി ന്നുള്ള മണൽ വാരൽ പുതിയ സംരംഭമായതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുന്നതാണ്. കരിമണൽ ഖനനത്തിന്റെ കാര്യത്തിലും പ്രത്യേകമായ ചർച്ച നടത്താവുന്നതാണ്. ധനകാര്യ ബില്ലിലെ സെക്ഷൻ 45(എ)-യും സെക്ഷൻ 45(സി)-യും ഭൂമിയുടെ ഫെയർ വാല്യു നിശ്ചയിച്ചതിനുശേഷം മാത്രം പ്രയോജനപ്പെടുത്താവുന്ന വകുപ്പുകളാണ്. പ്രതിഫല വില കുറച്ചുവച്ച് സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് നടത്തിയതിലുള്ള തുടർനട പടികൾക്കായി സബ് രജിസ്ട്രാർമാർ ജില്ലാ കളക്ടർമാർക്ക് 1986 മുതൽ 31-3 -2009 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഇനി തീർപ്പാക്കാൻ കുടിശ്ശികയായിട്ടു ള്ളതുമായ കേസ്സുകൾ തീർപ്പാക്കുന്നതിനാണ് സെക്ഷൻ 45(ബി) പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് നടപ്പിലാക്കുന്ന തിനുമുമ്പ് ഫെയർ വാല്യൂ പ്രഖ്യാപിക്കപ്പെടുമെന്നുള്ള ധാരണ ഉള്ളതുകൊ ണ്ടാണ് സെക്ഷൻ 45(എ)-യും 45(സി)-യും കൊണ്ടുവന്നിട്ടുള്ളത്. അണ്ടർ

വാല്യുവേഷൻ കേസ്സുകൾ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് നിയമ ഭേദഗതിയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കാവുന്നതാണ്. ലീസ് റെന്റ് സംബന്ധിച്ച് വനം വകുപ്പിന്റേയും റവന്യൂ വകുപ്പിന്റേയും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ തീരുമാനമെടുക്കാവുന്നതാണ്. കേരള ലാൻഡ്സ് ആന്റ് ലീസ് മോഡിഫിക്കേഷൻ ആക്ട് അനുസരിച്ച് റേറ്റ് കൂട്ടിവച്ചുകൊണ്ട് വരുമാനമുണ്ടാക്കാനുള്ള നീക്കം സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പിൻവലിച്ചത്; അതിന് റൂളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. നികുതി വെട്ടിപ്പിനെ സംബന്ധിച്ചും ഗ്രാമീണ റോഡുകൾക്കുവേണ്ടി ലിക്കറിനുമേൽ സെസ് ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും സിഗററ്റിനും പാൻമസാലയ്ക്കുംമേൽ നികുതി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധിക്കാവുന്നതാണ്. ആന്ധ്രപ്രദേശിലെ കമ്പനികൾ കേരള മാർക്കറ്റ് പിടിച്ചടക്കുകയും ഒരു ബ്രാൻഡഡ് ഐറ്റം മാത്രം അവർ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ബേക്കറി സാധനങ്ങളിൽ ബ്രാൻഡഡ് ഐറ്റത്തിന് 12.5 ശതമാനം നികുതിയും മറ്റുള്ളവയ്ക്ക് 4 ശതമാനം നികുതിയും ഏർപ്പെടുത്താൻ തീരുമാനിച്ചത് പേപ്പർ കവർ, മിനറൽ വാട്ടർ എന്നിവയുടെ നികുതി കുറയ്ക്കണമെന്നുള്ള നിർദ്ദേശവും മെറ്റൽ ക്രഷറിന്റെ കാര്യത്തിൽ മെഷീന്റെ കപ്പാസിറ്റി കൂടി പരിഗണിക്കേണ്ടതാണെന്ന നിർദ്ദേശവും സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ പരിഗണിക്കുന്നതാണ്. മുൻ വർഷങ്ങളിലേതിനെ അപേക്ഷിച്ച് ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ നികുതി വർദ്ധനവിന്റെ തോത് കുറഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നികുതി

വരുമാനവും ഗണ്യമായി കുറയുകയാണ്. കേന്ദ്ര സർക്കാരിൽ നിന്നും 5400 കോടി രൂപ ലഭിക്കേണ്ട സ്ഥാനത്ത് 4300-ൽപ്പരം കോടി രൂപ മാത്രമേ ലഭ്യമാകുകയുള്ളൂ. സാമ്പത്തികമാന്ദ്യം മൂലവും നികുതി വരുമാനത്തിൽ കുറവ് ഉണ്ടാകുന്നുണ്ട്. വരുമാനം സംരക്ഷിച്ചുകൊണ്ട് പരമാവധി ഉല്പാദനം എങ്ങനെ നടത്താം എന്നാണ് സംസ്ഥാനം ആലോചിക്കുന്നത്. വകുപ്പിന്റെ പുനഃസംഘടന, ഉദ്യോഗസ്ഥരുടെ അപ്ഗ്രഡേഷൻ, പുതിയ പോസ്റ്റുകൾ ഇവയൊക്കെ സംബന്ധിച്ച് താമസംവിനാ തീരുമാനമെടുക്കും. ഇന്ത്യയിലെ ഒരു സംസ്ഥനത്തുമില്ലാത്ത വിധത്തിൽ നികുതിവകുപ്പ് പുനഃസംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ റിട്ടേണുകളും ഇ-ഫയലിംഗാണ്. അടുത്ത മാസം മുതൽ ഇ.-പേമെന്റ് കൊണ്ടുവരികയാണ്. മുഴുവൻ വ്യാപാരികളുടേയും കൊടുക്കൽ വാങ്ങൽ കണക്കുകൾ കമ്പ്യൂട്ടറൈസ്ഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ പരിശോധിക്കാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം വരാൻ പോകുകയാണ്. വാറ്റ് സമ്പ്രദായം സംസ്ഥാനാതിർത്തിക്കുള്ളിലേ ഉള്ളൂ. സംസ്ഥാനത്തിന് പുറത്ത് കൊടുത്ത നികുതിക്ക് ഇവിടെ ഇളവ് കിട്ടില്ല. ഇന്ത്യയിലാകമാനം നിൽക്കുന്ന ഒരു നികുതി സമ്പ്രദായമായി ജി.എസ്.ടി. മാറും. വാറ്റ് നടപ്പാക്കിയ സംസ്ഥാനത്ത് ജി.എസ്.ടി.യിൽ നിന്ന് മാറി നിൽക്കുന്നത് ശരിയല്ല. ജി.എസ്.ടി. നടപ്പാക്കാൻ സംസ്ഥാനങ്ങൾ തമ്മിൽ അഭിപ്രായ സമന്വയമുണ്ടാക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. 2009-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2009-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാംനമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.43-ന് പിരിഞ്ഞു.)